"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് - ശ്രീ.എൽ. രാധാകൃഷ്ണൻ ഐ.എ.എസ്, (റിട്ട.) മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - കരാർ സേവന കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവാകുന്നു.

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.9/2025/F&P തീയതി,തിരുവനന്തപുരം, 11-04-2025

പരാമർശം:-
1. 09-10-2017 തീയതിയിലെ സ.ഉ. (കൈ)നം.19/2017/മ.തു.വ
2. 28-05-2019 തീയതിയിലെ സ.ഉ. (കൈ)നം.14/2019/മ.തു.വ
3. 18-03-2022 തീയതിയിലെ സ.ഉ.(കൈ)നം.7/2022/പി.& ഇ.എ
4. 21-01-2023 തീയതിയിലെ സ.ഉ. (കൈ) നം.3/2023/മ.തു.വ
5. 29-02-2024 തീയതിയിലെ സ.ഉ. (കൈ) നം.5/2024/മ.തു.വ
6. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എം.ഡി & സി.ഇ.ഒ. 14-02-2025-ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച ഇ-മെയിൽ സന്ദേശവും, 07-02-2023-ാം തീയതിയിലെ MIPSL/34/MD&CEO/2025 നം അർദ്ധ ഔദ്യോഗിക കത്തും.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനായി പരാമർശം 1 പ്രകാരം രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് കമ്പനിയായ "അഴീക്കൽ പോർട്ട് ലിമിറ്റഡ്" (പുതിയ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്")- ൽ. പരാമർശം 2 പ്രകാരം മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുൾപ്പെടെ നാല് തസ്തികകൾ കോൺട്രാക്ട് വ്യവസ്ഥയിൽ സൃഷ്ടിക്കുന്നതിനും മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) നെ നിയമിക്കുന്നതിനും അനുമതി നല്കിയും ഉത്തരവായിരുന്നു.

2. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.എൽ.രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട. )ന്റെ സേവനകാലാവധി പരാമർശം 3 -ലെ ഉത്തരവിൽ ഇളവുകൾ വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് 3 വർഷത്തേക്ക് അല്ലെങ്കിൽ 7 0 വയസ്സ് വരെ ഏതാണോ ആദ്യം എന്ന രീതിയിൽ ദീർഘിപ്പിക്കുന്നതിനും, വേതനം പ്രതിവർഷം 2 % വർദ്ധിപ്പിക്കുന്നതിനും പരാമർശം 4 പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

3 . മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.എൽ.രാധാകൃഷ്ണൻ ഐ.എ.എസ് (റിട്ട.) ന്റെ സേവനകാലാവധി പരാമർശം 3-ലെ ഉത്തരവിലെ നിബന്ധനകളിൽ ഇളവുകൾ വരുത്തി 16-02-2024-ാം തീയതി മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിന് പരാമർശം 5 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

4. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട) -ന്റെ കരാർ സേവനകാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ, അദ്ദേഹത്തിന്റെ സേവനകാലാവധി നീട്ടുന്നത് സംബന്ധിച്ചുള്ള തുടർ ഉത്തരവിനായി പരാമർശം 6 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട.) -ന്റെ കരാർ സേവനകാലാവധി പരാമർശം 3 ഉത്തരവിലെ നിബന്ധനകളിൽ ഇളവുകൾ വരുത്തി 16-02-2025 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള
അക്കൗണ്ടന്റ് ജനറൽ (എ. & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (15-03-2025 തീയതിയിലെ 2703014/PU-B3/119/2018-FIN-Part(2) നം. ഫയൽ പ്രകാരം)
പ്ലാനിംഗ് (ബി.പി.ഇ) വകുപ്പ് (28-02-2025 തീയതിയിലെ PLGEA-BPE2/25/2025-PLGEA നം. ഫയൽ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (09-04-2025 -ാം തീയതിയിലെ ഇനം നം. 2838 പ്രകാരം)
Website & New Media, I&PRD (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 11-04-2025 13:13:53
സെക്ഷൻ ഓഫീസർ